**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1373** **30-08-2022 - ൽ മറുപടിയ്ക്ക്**

**സ്കൂൾ കുട്ടികളിലെ ലഹരി ഉപയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ. സജീവ് ജോസഫ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്കൂൾ കുട്ടികളിൽ ലഹരി ഉപയോഗം വർദ്ധിക്കുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം നൽകുമോ; വ്യക്തമാക്കുമോ; | (എ) | സ്കൂൾ കുട്ടികളിൽ ലഹരി ഉപയോഗം വർദ്ധിക്കുന്നതായ മാധ്യമ റിപ്പോർട്ടുകൾ പരിശോധിച്ചു. സ്കൂളുകളിൽ അത്തരം സംഭവങ്ങൾ നടക്കുന്നതായി കണ്ടെത്തിയിട്ടില്ല.<br><br>വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗത്തിൽ സ്കൂൾ കുട്ടികൾക്കിടയിലെ ലഹരി മരുന്ന് ഉപയോഗ പാർശ്വഫലങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെ ബോധവത്ക്കരിക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ വിദ്യാലയങ്ങളിൽ നടത്തിവരുന്നു.<br><br>(1) വിമുക്തി സേഫ്റ്റെറ്റ് പദ്ധതി<br><br>പൊതുവിദ്യാഭ്യാസവകുപ്പ് വി.എച്ച്.എസ്.ഇ വിഭാഗം നാഷണൽ സർവ്വീസ് സ്കീം<br><br>സെൽ ,എക്സൈസ് വകുപ്പുമായി സഹകരിച്ച് വിമുക്തി സേഫ്നെറ്റ് പദ്ധതിയുമായി ബന്ധപ്പെട്ട് ലഹരി വിരുദ്ധ ജാഗ്രതാ പൊതുസദസ്സുകൾ, സെമിനാറുകൾ, വിദ്യാർത്ഥികൾ തന്നെ സ്ക്രിപ്റ്റ് തയ്യാറാക്കി ഒരുക്കുന്ന തെരുവു നാടകം, മൈം, റാലികൾ, ഷോർട്ട് ഫിലിം,ജാഗ്രതാ സന്ദേശങ്ങളുടങ്ങുന്ന സ്റ്റിക്കറുകൾ പൊതു ഇടങ്ങളിലും വാഹനങ്ങളിലും ഒട്ടിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ എൻ.എസ്.എസ് യൂണിറ്റുകളിൽസംഘടിപ്പിച്ചു.<br><br>i) നിരത്തുകളിൽ സംഘടിപ്പിക്കപ്പെടുന്ന ലഹരി വിരുദ്ധ ചങ്ങലകളും ,കൂട്ടയോട്ടവും<br><br>റാലികൾ , ഫ്ലാഷ് മോബ് എന്നിവ<br><br>ii) കടകളിൽ ലഹരി ഉത്പന്നങ്ങൾ കൈകാര്യം ചെയ്യുന്നതിലെ നിയമപര |

മായ മുന്നറിയിപ്പ് പോസ്റ്റർ പതിച്ചു കൊണ്ടുള്ള പ്രചരണം.

iii) ലഹരി വിരുദ്ധ സന്ദേശം ഉൾക്കൊള്ളുന്ന സ്റ്റിക്കറുകൾ വാഹനങ്ങളിൽ പതിച്ചു

കൊണ്ടുള്ള പ്രചരണം

iv) വീട്ടു വീടാന്തരം കയറി ലഹരി വിരുദ്ധ ശീലങ്ങൾ വളർത്തിയെടുക്കുന്നതിൽ

അമ്മമാരുടെ പങ്ക് ബോധ്യപ്പെടുത്തി കൊണ്ടുളള പ്രചരണം

v) സ്കൂളിന്റെ ചുറ്റളവിൽ ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നതിനെതിരെ നടന്ന

യെല്ലോ ലൈൻ ക്യാമ്പയിൻ

(2) <u>ഇൻസൈറ്റ്</u>

വിദ്യാർത്ഥികളെ ആത്മവിശ്വാസത്തോടും സ്പഷ്ടമായ മനോഭാവത്തോടും കൂടി

കഴിവുകൾ പ്രകടമാക്കാൻ പ്രാപ്തരാക്കുന്ന പ്രോഗ്രാം. സമൂഹത്തോട് പ്രതിബദ്ധതയുള്ള

യുവതലമുറയെ വാർത്തെടുക്കുന്നു. സൈക്കോളജിസ്റ്റിന്റെ സഹായത്തോടെ ഒരു സംവാദ സദസ്സ് സംഘടിപ്പിക്കുന്നു. കുട്ടികൾക്ക് മാനസിക ഉല്ലാസം നേടുവാൻ ഇത്തരം പ്രോഗ്രാമുകളിലൂടെ സാധ്യമാകുന്നു. കൂടാതെ കൗമാര പ്രായത്തിലെ വിദ്യാർത്ഥികളിൽ കണ്ടുവരുന്ന ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിനു വേണ്ടി പീയർ ഗ്രൂപ്പുകൾ സജ്ജീകരിക്കുകയും ചർച്ചകൾ, ബോധവത്ക്കരണ പ്രവർത്തനങ്ങൾ തുടങ്ങിയവ നടത്തുകയും ചെയ്യുന്നു.

<u>പോസിറ്റീവ് പാരന്റിംഗ്</u>

ഒരു കൗൺസിലറുമായോ ഡോക്ടറുമായോ സംവദിക്കുവാൻ രക്ഷകർത്താക്കൾക്ക്

അവസരമൊരുക്കികൊണ്ട് സ്കൂളുകളിൽ സംഘടിപ്പിക്കുന്ന പരിപാടി. കൗമാര

പ്രായത്തിലുള്ള മക്കളുടെ പ്രശ്നങ്ങൾ കൗൺസിലറുമായി തുറന്നുസംസാരിക്കുവാൻ

രക്ഷകർത്താക്കൾക്ക് അവസരം. ലഹരി വസ്തുക്കളുടെ ഉപയോഗവും മാനസിക

പ്രശ്നങ്ങൾ, ആസക്തികൾ തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യുന്നു. രക്ഷകർത്താക്കൾക്ക്

| | | | |
|---|---|---|---|
| | | | കുട്ടികളിലുണ്ടാകുന്ന മാറ്റങ്ങൾ, പ്രശ്നങ്ങൾ തുടങ്ങിയവ അധ്യാപകരുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും കൗൺസിലിംഗ് തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ ദു:ശീലങ്ങൾ<br><br>മാറ്റുന്നതിനും സാധിക്കുന്നു. |
| (ബി) | ലഹരി ഉപയോഗിക്കുന്ന ചില വിദ്യാർത്ഥികൾ സ്കൂൾ പരിസരത്ത് വച്ച് മറ്റ് വിദ്യാർത്ഥികളെ ആക്രമിക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്യുന്നതായി വിദ്യാർത്ഥികൾ തന്നെ പരാതി ഉന്നയിച്ചിട്ടും സ്കൂൾ അധികൃതർ ഫലപ്രദമായി നടപടി എടുക്കാത്ത സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഈ സാഹചര്യത്തിൽ സ്കൂൾ പരിസരത്ത് ലഹരി ഉപയോഗം കണ്ടെത്തിയാൽ പിന്തുടരേണ്ട നടപടികൾ സംബന്ധിച്ച് വ്യക്തത വരുത്തുമോ; വിശദാംശം നൽകുമോ; | (ബി) | മാധ്യമ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്കൂളിന്റെ എല്ലാ കോണുകളിലും അധ്യാപകരുടെയും, സുരക്ഷാ ജീവനക്കാരുടെയും ശ്രദ്ധ സദാ സമയവും എത്തുന്ന തരത്തിൽ ചുമതലകൾ വിഭജിച്ച് നൽകി. കുട്ടികളുടെ സുരക്ഷാ ഉറപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ പ്രഥമാദ്ധ്യാപകരെ ചുമതലപ്പെടുത്തി. സ്കൂളിലേയ്ക്കെത്തുന്ന അധ്യാപകരും വിദ്യാർത്ഥികളുമല്ലാത്ത മുഴുവൻ വ്യക്തികളുടെയും വിവരങ്ങൾ ശേഖരിക്കുന്നതിനും, അവരുടെ വരവിന്റെ ഉദ്ദേശവും, വന്നതും പോയതുമായ സമയം രേഖപ്പെടുത്തുന്നതിനും വ്യക്തമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |
| (സി) | ലഹരി ഉപയോഗത്തിൽ നിന്നും വിദ്യാർത്ഥികളെ പിന്തിരിപ്പിക്കുന്നതിനും ബോധവൽക്കരിക്കുന്നതിനും സ്കൂൾ വിദ്യാർത്ഥികളെ ലഹരി കച്ചവടത്തിനുള്ള ഏജന്റുകളായി ദുരുപയോഗം ചെയ്യുന്നത് തടയുന്നതിനും സ്കൂൾ പരിസരത്ത് ലഹരിവസ്തുക്കൾ ലഭ്യമാകുന്ന സാഹചര്യം പൂർണമായും ഒഴിവാക്കുന്നതിനും വിദ്യാഭ്യാസ വകുപ്പ് എക്സൈസ് വകുപ്പുമായി ചേർന്ന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (സി) | സ്കൂൾ കുട്ടികൾക്കിടയിൽ ലഹരി ഉപയോഗം നിർമ്മാർജ്ജനം ചെയ്യുന്നതിന്റെ ഭാഗമായി, പോലീസ്, എക്സൈസ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ആരോഗ്യ വകുപ്പ് എന്നിവരുടെ സഹായത്തോടെ വിപുലമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.<br><br>കൂടാതെ വിദ്യാഭ്യാസ വകുപ്പ് എക്സൈസ് വകുപ്പുമായി ചേർന്ന് 2022-23 ൽ വിപുലമായ ഒരു കർമ്മ പദ്ധതിക്ക് രൂപം നൽകി വരുന്നുണ്ട്<br><br>ഹയർ സെക്കന്ററി വിഭാഗത്തിൽ സൗഹൃദ ക്ലബ്ബുകൾ, എസ്.പി.സി, എൻ.എസ്.എസ് എന്നിവയുമായി ചേർന്ന് വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം തടയുന്നതുമായി ബന്ധപ്പെട്ട എക്സൈസ് വകുപ്പുമായി ചേർന്ന് പ്രത്യേക പദ്ധതികൾ നടപ്പിലാക്കാറുണ്ട്. ഈ വർഷവും മേൽ പദ്ധതികൾ പരിഗണനയിലുണ്ട്.ഇത്തരം കേസുകൾ ശ്രദ്ധയിൽപ്പെട്ടാൽ പോലീസ്, എക്സൈസ്<br>എന്നീ വകുപ്പുകളുടെ സഹകരണത്തോടെ ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ